"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-27-05-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വേങ്ങര ബ്ലോക്ക് പഞ്ചായത്ത്-2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "വലിയോറ കിഴക്കെ കനാൽ പുനർനിർമ്മാണം" എന്ന പ്രവൃത്തി ചെയ്യുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ശേഷിക്കുന്ന തുക ഉപയോഗിച്ച് അതേ പ്രവൃത്തിയുടെ ബാക്കി ഭാഗം പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.547/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:-
1. വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2019-ലെ കത്ത്
2. 27.05.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.18-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "വലിയോറ കിഴക്കെ കനാൽ പുനർനിർമ്മാണം" എന്ന പ്രവൃത്തി ചെയ്യുന്നതിന് 40,00,000/- രൂപ മൈനർ ഇറിഗേഷൻ വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് മൈനർ ഇറിഗേഷൻ ഡിപ്പോർട്ട്മെന്റിൽ നിന്നും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും 30,44,685/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടുള്ളതുമാണെന്നും പ്രവൃത്തിക്കുവേണ്ടി അടവാക്കിയ തുകയിൽ ടെണ്ടർ ബാലൻസായി 9,55,315/- രൂപ മൈനർ ഇറിഗേഷൻ വകുപ്പിൽ അവശേഷിക്കുന്നതിനാൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മിച്ചം വന്ന ടി തുക ഉപയോഗിച്ച് അതേ പ്രവൃത്തിയുടെ ബാക്കി ഭാഗം പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകണമെന്നുമുള്ള പരാമർശം ( 1 ) പ്രകാരമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം ( 2 ) പ്രകാരം അനുമതി നൽകുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "വലിയോറ കിഴക്കെ കനാൽ പുനർനിർമ്മാണം" എന്ന പ്രവൃത്തിയുടെ ടെണ്ടർ ബാലൻസായി മൈനർ ഇറിഗേഷൻ വകുപ്പിൽ അവശേഷിക്കുന്ന 9,55,315/- രൂപ ഉപയോഗിച്ച് അതേ പ്രവൃത്തിയുടെ ബാക്കി ഭാഗം പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, വേങ്ങര ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 08-03-2022 10:42:31
സെക്ഷൻ ഓഫീസർ